**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5274** **15-03-2023 - ൽ മറുപടിയ്ക്ക്**

**കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി യു പ്രതിഭ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ മൂല്യവർദ്ധനയുടെയും വിപണന വിദ്യകളുടെയും പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണത്തിനും, വിപണനത്തിനും സുസ്ഥിര കാർഷിക വികസനത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമായി കർഷക ഉത്പാദക സംഘടനകൾ (എഫ്.പി.ഒ.കൾ) രൂപീകരിച്ചിട്ടുണ്ട്. കേരളത്തിൽ 50 പുതിയ കർഷക ഉത്പാദക സംഘടനകളുടെ രൂപീകരണവും നിലവിലുള്ള 49 കർഷക ഉത്പാദക സംഘടനകളുടെ ശാക്തീകരണവും നടപ്പാക്കിവരുന്നു.<br><br>സൂക്ഷ്മ ചെറുകിട ഇടത്തര മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.എഫ്.എ.സി മുഖേന കാർഷിക മേഖലയിലെ സംരംഭകർക്ക് മൂലധന നിക്ഷേപങ്ങൾക്ക് അനുസൃതമായി ധനസഹായം നല്കുന്നു. 'വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും' 2022-23 പദ്ധതി പ്രകാരം എസ്.എഫ്.എ.സി മുഖേന നടപ്പിലാക്കുന്ന ഘടക പദ്ധതിയാണ്.<br><br>2021-22 വർഷത്തിൽ ആരംഭിച്ച "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയുടെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ മൂല്യവർധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട്.<br><br>കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദന ക്ഷമത |

വർദ്ധിപ്പിക്കുക, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനുമായി മൂല്യവർദ്ധിത കാർഷിക മിഷൻ (Value Added Agriculture Mission - VAAM) രൂപീകരിച്ചിട്ടുണ്ട്.

'ഒരു കൃഷി ഭവൻ ഒരു മൂല്യവർധിത ഉല്പന്നം' എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 500 ഓളം മൂല്യവർധിത ഉത്പന്നങ്ങൾ വിപണിയിൽ ലഭ്യമായിട്ടുണ്ട്. ഇവയെ **"കേരളാഗ്രോ"** പൊതു ബ്രാൻഡിൽ വിപണിയിൽ സമയബന്ധിതമായി എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വിപണന പ്ലാറ്റ്ഫോം സജ്ജമാക്കി കഴിഞ്ഞു.

Agri Business Incubator എന്ന പേരിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ സ്ഥാപനം വാണിജ്യ ആവശ്യത്തിനായി കമ്പനി തുടങ്ങുന്നവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വലിയ യന്ത്രങ്ങളുടെ പ്രദർശനവും പരിശീലനവും നൽകിവരുന്നു.

മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ തുടങ്ങിയ സ്ഥാപനങ്ങളുടെ വിപണികൾ പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഇക്കോഷോപ്പുകൾ വഴിയും ഉത്പന്നങ്ങളുടെ വിപണനം നടത്തിവരുന്നു. കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും പൊതു സംരഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട അടിസ്ഥാന സൌകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനായി ഇൻകുബേഷൻ സെന്ററുകൾ എറണാകുളം, കോഴിക്കോട് ജില്ലകളിൽ തുടങ്ങുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

വിപണനത്തിനായി പ്രത്യേക സംവിധാനം ഒരുക്കി കർഷകർക്ക് മതിയായ പങ്കാളിത്തം ഉറപ്പാക്കി ഉത്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം ചെയ്യുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

| | | | |
|---|---|---|---|
| | | | കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർധനവ്, സംസ്കരണം, വിപണനം മുതലായവ ലക്ഷ്യമിട്ടുകൊണ്ട് 2016 മുതൽ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന സംരംഭമാണ് 'വൈഗ'. ആയതിൽ സംസ്ഥാനത്തിന് അകത്തും ഇതര സംസ്ഥാനത്തു നിന്നുമുള്ള സംരംഭകർ ഒത്തുചേരുന്നതിനും അവരുടെ ഉത്പന്നങ്ങളും, സാങ്കേതികവിദ്യകൾ എന്നിവ കൈമാറുന്നതിനും അതുവഴി മൂല്യവർധനവും വിപണിയും ഉറപ്പാക്കി ഉത്പന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുന്നതിനും സാധിക്കും. 2023 'വൈഗ' യോടനുബന്ധിച്ച് സെമിനാറുകൾ, പ്രദർശനങ്ങൾ, അഗ്രി ഹാക്കത്തോൺ, ഡി.പി.ആർ ക്ലിനിക്, ബി2ബി മീറ്റ് എന്നിവ സംഘടിപ്പിക്കുകയുണ്ടായി. ബി2ബിയുടെ ഭാഗമായി സംസ്ഥാനത്തിനകത്തും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾ വാങ്ങുന്ന സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തെ കർഷക ഗ്രൂപ്പുകൾ, സംരംഭകർ എന്നിവരുമായി കരാറിലേർപ്പെടുകയും ഏകദേശം 39 കോടി രൂപയുടെ കരാർ ഉടമ്പടി ഒപ്പുവയ്ക്കുകയുമുണ്ടായി. കൂടാതെ ഡി.പി.ആർ. ക്ലിനിക്കുകൾ സംഘടിപ്പിച്ചതിലൂടെ കർഷകർക്ക് താത്പര്യമുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അംഗീകാരം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ബി) | കാർഷിക മേഖലയിലും ഭക്ഷ്യ സംസ്കരണ മേഖലയിലും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപകർക്ക് ആവശ്യമായ മാർഗ നിർദേശങ്ങൾ നൽകുന്നതിനും ഡി.പി.ആർ. ക്ലിനിക്കുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കൃഷിവകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച 'വൈഗ 2023' ന്റെ ഭാഗമായി 2023 ഫെബ്രുവരി 15,16,17 തീയതികളിലായി ഡി.പി.ആർ. ക്ലിനിക് സംഘടിപ്പിച്ചു. എല്ലാ ജില്ലകളിലും DPR ക്ലിനിക് ആരംഭിക്കുന്നതിന്റെ ഭാഗമായി കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ചു സർക്കാർ നടത്തുന്ന **കൃഷിദർശൻ** പരിപാടിയോട് അനുബന്ധിച്ച DPRക്ലിനിക് സംഘടിപ്പിക്കുന്നതാണ് . |
| (സി) | ഒരു കൃഷി ഭവൻ പരിധിയിൽ ഒരു ഉല്പന്നമെങ്കിലും തയ്യാറാക്കി വിപണനം ചെയ്യുന്നതിന് ലക്ഷ്യമിട്ട് നടത്തിയ പ്രവർത്തനങ്ങൾ ഫലവത്തായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. "ഒരു കൃഷിഭവൻ ഒരു മൂല്യവർധിത ഉല്പന്നം" എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 500 ഓളം മൂല്യവർധിത ഉല്പന്നങ്ങൾ വിപണിയിൽ ലഭ്യമായിട്ടുണ്ട്. ഇവയെ **"കേരളാഗ്രോ"** എന്ന പൊതു ബ്രാൻഡിൽ വിപണിയിൽ സമയബന്ധിതമായി എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2016 മുതൽ സംസ്ഥാനത്ത് നടത്തിവരുന്ന 'വൈഗ' യോടനുബന്ധിച്ച് നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ വഴി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിലും വിപണനത്തിലും കർഷകരെ പങ്കാളികളാക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ